# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

***13.01.2025 (തിങ്കളാഴ്ച) 11 എ.എമ്മിന്***

**ചെയർമാൻ ശ്രീ. കെ. ബിജു ഐ.എ.എസ്**

(സെക്രട്ടറി പൊതുമരാമത്ത്-ട്യൂറിസം ഡിപ്പാർട്ട്മെന്റ്)**-ന്റെ അധ്യക്ഷതയിൽ**

**ചേർന്ന 23-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്**

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 13.01.2025 രാവിലെ 11 മണിക്ക് ചേർന്ന 23 -ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 23 -ാമത് ഗവേർണിംഗ് ബോഡി യോഗം 2025 ജനുവരി 13-ാം തീയതി രാവിലെ 11.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. കെ.ബിജു ഐ.എ.എസ്സ് (സെക്രട്ടറി,പൊതുമരാമത്ത്&ടൂറിസം ഡിപ്പാർട്ട്മെന്റ്)അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. കെ.ബിജു, ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എ. നിസാമുദ്ദീൻ. ഐ.എ.എസ് ( ഡയറക്ടർ ജനറൽ കില)
4. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
5. എ.എൻ. പ്രഭാകരൻ (മെമ്പർ)
6. ശ്രീ. കെ. അനിമോൻ (മെമ്പർ)
7. ശ്രീമതി. ഷീജ. ആർ.എസ്( ജോയിന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്)
8. ശ്രീ. അനിൽകുമാർ.സി ( എ.ഒ. കുടുംബശ്രീ മിഷൻ)

### യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2024 ആഗസ്റ്റ് 22-ാംതീയതി ചേർന്ന 22-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   **തീരുമാനം:**

   22-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

   **നടപടി:**

   പ്രത്യേക നടപടി ആവശ്യമില്ല

2. **22-ാമത് ഗവേർണിംഗ് ബോഡി യോഗ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട്**

   **തീരുമാനം:**

   22-ാമത് ഗവേർണിംഗ് ബോഡി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ കൈവരിച്ച പുരോഗതിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA ★ (Govt. of Kerala) ★ C.W.C. BUILDING L.M.S., PALAYAM TRIVANDRUM -33

3. **സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നികത്തുന്നതിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന് അംഗീകാരം (എറണാകുളം, ഇടുക്കി, കാസർഗോഡ്, കണ്ണൂർ, വയനാട്, കൊല്ലം ജില്ലകൾ)**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിൽ ഒഴിവുള്ള എറണാകുളം, ഇടുക്കി, കാസർഗോഡ്, കണ്ണൂർ, വയനാട്, കൊല്ലം ജില്ലകളിലെ വിവിധ ബ്ലോക്കുകളിലെ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ തെരഞ്ഞെടുപ്പിനായി സ്വീകരിച്ച സുതാര്യമായ നടപടി ക്രമങ്ങൾ സംബന്ധിച്ച് യോഗം വിലയിരുത്തുകയുണ്ടായി. ഇത്തരത്തിൽ തയ്യാറാക്കിയ വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ ബ്ലോക്ക് തലത്തിലുള്ള ലിസ്റ്റ് യോഗം അംഗീകരിച്ചു.

4. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകൾ നിലവിലുള്ളതും റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുള്ളതുമായ ജില്ലകളിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

വിവിധ ജില്ലകളിലെ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

5. **സോഷ്യൽ ഓഡിറ്റ് ഡയറക്ടർ ഡോ. എൻ. രമാകാന്തന്റെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് ഡയറക്ടറായി സേവനമനുഷ്ഠിച്ചുവരുന്ന ഡോ.എൻ. രമാകാന്തന്റെ നിയമന കാലാവധി 02.05.2025 വരെ ദീർഘിപ്പിച്ച് നൽകിയ സർക്കാർ നടപടിക്ക് ഗവേർണിംഗ് ബോഡി യോഗം അംഗീകാരം നൽകി.

6. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ നിലവിലുള്ള സോഷ്യൽ ഡെവലപ്പ്മെന്റ് സെപ്ഷ്യലിസ്റ്റ്, സോഷ്യൽ ഓഡിറ്റ് സ്റ്റേറ്റ് റിസോഴ്സ് പേഴ്സൺ എന്നിവരുടെ ഒഴിവുകൾ നികത്തുന്നതിന് വിജ്ഞാപനം നടത്തുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ സേവനമനുഷ്ഠിച്ചുവന്ന സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ് ശ്രീ. പി.ഷാജി ആരോഗ്യപരമായ കാരണങ്ങളാൽ തുടരുന്നതിന് കഴിയില്ലായെന്ന് രേഖാമൂലം അറിയിച്ചതിനാൽ അദ്ദേഹത്തെ ഒഴിവാക്കുന്നതിന് യോഗം തീരുമാനിച്ചു. സോഷ്യൽ ഡെവലപ്പ്മെന്റ് സ്പെഷ്യലിസ്റ്റ്, സ്റ്റേറ്റ് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാർ എന്നീ തസ്തികകളിലേക്ക് പുതുതായി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടറെ ചുമതലപ്പെടുത്തി.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM-33
★(Govt. of Kerala)★ KERALA

DR. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

7. **പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ, ദേശീയ സാമൂഹ്യ സഹായ പെൻഷൻ പദ്ധതി എന്നീ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് അംഗീകാരം**

**തീരുമാനം:**

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ, ദേശീയ സാമൂഹ്യ സഹായ പെൻഷൻ എന്നീ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് യോഗം അനുമതി നൽകി.

8. **ദേശീയ സാമൂഹ്യ പിന്തുണാ പെൻഷൻ സ്കീം സോഷ്യൽ ഓഡിറ്റ് കൺസൾട്ടന്റായി നിയമിച്ച ശ്രീ. വി. അനിൽകുമാറിന്റെ നിയമന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള തീരുമാനം സംബന്ധിച്ച്**

**തീരുമാനം:**

ദേശീയ സാമൂഹ്യ പിന്തുണാ പെൻഷൻ സ്കീം സോഷ്യൽ ഓഡിറ്റ് കൺസൾട്ടന്റായ ശ്രീ. വി. അനിൽകുമാരിന്റെ സേവന കാലാവധി 23.01.2025 മുതൽ ആറ് മാസക്കാലത്തേക്ക് ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു.

9. **പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കൺസൾട്ടിന്റെ നിയമനത്തിനുള്ള തീരുമാനംസംബന്ധിച്ച്**

**തീരുമാനം:**

പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ശ്രീ.പി.സുരേന്ദ്രനെ (റിട്ടയേർഡ് ജോയിന്റ് ഡയറക്ടർ/ജെ.പി.സി, എൽ.എസ്.ജി.ഡി) സോഷ്യൽ ഓഡിറ്റ് യുണിറ്റിൽ കൺസൾട്ടന്റായി 20.01.2025 മുതൽ ആറ് മാസത്തേക്ക് നിയമിക്കുന്നതിന് യോഗം അംഗീകാരം നൽകി.

10. **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനും പുതിയ സ്കീമുകളുടെ സോഷ്യൽ ഓഡിറ്റ് എം.ഐ.എസ്.റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും രണ്ട് എം.ഐ.എസ് അസിസ്റ്റന്റുമാരെ നിയമിക്കുന്നതിനുള്ള തീരുമാനം സംബന്ധിച്ച്**

**തീരുമാനം:**

പുതുതായി രണ്ട് എം.ഐ.എസ്. അസിസ്റ്റന്റുമാരെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നതിന് യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

11. **അഞ്ച് വർഷം പൂർത്തിയാക്കിയ സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺമാർ, ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ എന്നിവരുടെ പ്രവർത്തന ഗുണമേന്മ വിലയിരുത്തുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ കഴിഞ്ഞ അഞ്ച് വർഷക്കാലമായി പ്രവർത്തിച്ചു-വരുന്ന ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെയും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെയും പ്രവർത്തന അവലോകനം നടത്തുന്നതിനായി തയ്യാറാക്കിയ ഫോർമാറ്റുകൾക്ക് യോഗം അംഗീകാരം നൽകി. ആത്മനിഷ്ഠമായ (Subjective) മാനദണ്ഡങ്ങളെക്കാളും വസ്തുനിഷ്ഠമായ (Objective) മാനദണ്ഡങ്ങളായിരിക്കണം വിലയിരുത്തൽ നടത്തുന്നതിന് സ്വീകരിക്കേണ്ടത് എന്ന് ബഹുമാനപ്പെട്ട ചെയർമാൻ പ്രത്യേകം നിർദ്ദേശിക്കുകയുണ്ടായി.

12. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന വരുമാനം നിക്ഷേപിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി പ്രത്യേകമായി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനും അക്കൗണ്ട് ആരംഭിക്കുന്നതിനുമുള്ള തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് പ്രത്യേകമായി ഒരു കോർപ്പസ് ഫണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് യോഗം അനുമതി നൽകി.

13. **ദേശീയ സാമൂഹ്യ പിന്തുണാ പദ്ധതി പെൻഷൻ സ്കീമിനും പ്രധാനമന്ത്രി ആവാസ് യോജന- ഗ്രാമീൺ സോഷ്യൽ ഓഡിറ്റിനും പ്രത്യേകമായ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

പുതുതായി ആരംഭിക്കുന്ന ദേശീയ സാമൂഹ്യ പിന്തുണാ പെൻഷൻ പദ്ധതി സോഷ്യൽ ഓഡിറ്റിനും പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ സോഷ്യൽ ഓഡിറ്റിനും പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് യോഗം അനുമതി നൽകി.

14. **പ്രധാനമന്ത്രി ആവാസ് യോജന- ഗ്രാമീൺ, ദേശീയ സാമൂഹ്യ സഹായ പെൻഷൻ പദ്ധതി എന്നിവയുടെ സോഷ്യൽ ഓഡിറ്റിന് ആവശ്യമായ വിവര ശേഖരണത്തിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനും സഹായകമായ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

പി.എം.എ.വൈ-ജി., എൻ.എസ്.എ.പി. എന്നീ പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നിന്റെ ഭാഗമായുള്ള വിവരശേഖരണത്തിനും വിവര ക്രോഡീകരണത്തിനും സഹായകമായ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നതിന് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇതിനകം കഴിവു തെളിയിച്ച സ്റ്റാർട്ട് അപ് സംരംഭകരിൽ നിന്നും മത്സരാധിഷ്ഠിത സമ്മതപത്രം വാങ്ങുന്നതിന് യോഗം അനുമതി നൽകി.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

15. **2024-25 വർഷത്തെ സോഷ്യൽ ഓഡിറ്റിൽ കൈവരിച്ച ഭൗതിക പുരോഗതിയും കണ്ടെത്തിയ പ്രശ്നങ്ങളും സംബന്ധിച്ച റിപ്പോർട്ടിന് അംഗീകാരം**

**തീരുമാനം:**

2024-25 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിലും കൈവരിച്ച ഭൗതിക പുരോഗതിയിലും യോഗം സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി.

16. **2023-24 സാമ്പത്തിക വർഷത്തെ 01.04.2024 മുതൽ 31.12.2024 വരെയുള്ളധനവിനി യോഗം സംബന്ധിച്ച റിപ്പോർട്ടിന് അംഗീകാരം**

**തീരുമാനം:**

2024-25 സാമ്പത്തിക വർഷത്തെ ധനവിനിയോഗം സംബന്ധിച്ച കാര്യങ്ങൾ യോഗം ചർച്ച ചെയ്യുകയുണ്ടായി. സോഷ്യൽ ഓഡിറ്റ് ഫണ്ട് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും വാങ്ങി എടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു.

17. **സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ നാലാമത് ജനറൽ ബോഡിയോഗം ചേരുന്നതു സംബന്ധിച്ച തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ അടുത്ത ജനറൽ ബോഡി യോഗം 2025 മാർച്ച് രണ്ടാം വാരമോ മൂന്നാംവാരമോ ബഹുമാനപ്പെട്ട ചെയർമാന്റെ സൗകര്യം കണക്കിലെടുത്ത് ചേരുന്നതിന് തീരുമാനിച്ചു.

18. **2024-25 വർഷത്തെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് കലണ്ടർ അംഗീകരിക്കൽ**

**തീരുമാനം:**

2024-25 വർഷത്തിന്റെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് കലണ്ടർ യോഗം അംഗീകരിച്ചു.

19. **2024-ൽ പുതുതായി നിയമിച്ച പത്ത് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ കാലാവധി ദീർഘിപ്പിക്കൽ സംബന്ധിച്ച തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ പുതുതായി ഒരു വർഷക്കാലത്തേക്ക് നിയമിച്ച പത്ത് ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ കാലാവധി അവസാനിക്കുന്നതനു സരിച്ച് ഒരു ദിവസത്തെ ബ്രേക്ക് നൽകി തുടർനിയമനം അടുത്ത ഒരു വർഷക്കാല ത്തേക്ക് കരാർ അടിസ്ഥാനത്തിൽ നടത്തുന്നതിന് യോഗം തീരുമാനിച്ചു.

MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
* (Govt. of Kerala) *

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

20. **സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ നിർവ്വഹണ സംവിധാനം തയ്യാറാക്കി നൽകുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനും തീരുമാനമെടുക്കുന്നതിനും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആക്ഷൻ ടേക്കൺ റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കൽ**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സമയബന്ധിതമായും വസ്തുനിഷ്ഠമായും തുടർനടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും എ.റ്റി.ആർ. റിവ്യൂ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശം യോഗം ചർച്ച ചെയ്യുകയുണ്ടായി. ബ്ലോക്ക്തല റിവ്യൂ കമ്മിറ്റിയുടെ കൺവീനറായി പ്രസ്തുത ബ്ലോക്കിന്റെ ചുമതലയുള്ള എൽ.എസ്.ജി.ഡി ഇന്റേണൽ വിജിലൻസ് അസിസ്റ്റന്റ് ഡയറക്ടറേയും ജില്ലാതലത്തിൽ കൺവീനറായി എൽ.എസ്.ജി.ഡി. ജോയിന്റ് ഡയറക്ടർ/ഡപ്യൂട്ടി ഡയറക്ടറേയും സംസ്ഥാന അപ്പലേറ്റ് അതോറിട്ടി കൺവീനറായി എൽ.എസ്.ജി.ഡി ഡയറക്ടർ (റൂറൽ) നിശ്ചയിച്ചുകൊണ്ട് തീരുമാനമെടുക്കുകയുണ്ടായി.

21. **പ്രധാനമന്ത്രി ആവാസ് യോജന-ഗ്രാമീൺ (PMAY-G) ദേശീയ സമൂഹ്യ സഹായ പെൻഷൻ പദ്ധതി (NSAP) എന്നിവയുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരുടെ കാര്യപ്രാപ്തി വികസനത്തിനുള്ള പരിശീലനത്തിന് അംഗീകാരം**

**തീരുമാനം:**

പി.എം.എ.വൈ-ജി, എൻ.എസ്.എ.പി. സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് നടപ്പാക്കിയ സംസ്ഥാനതല ട്രെയിനിംഗ് ഓഫ് ട്രെയിനിംഗിനും ജില്ലാതല ട്രെയിനിംഗിനും യോഗം അംഗീകാരം നൽകി.

22. **സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ജീവനക്കാർക്കും ജില്ലാ-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് ആനുകുല്യം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം**

**തീരുമാനം:**

സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ ജീവനക്കാർക്കും സോഷ്യൽ ഓഡിറ്റ് ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് ആനുക്കൂല്യം ലഭ്യമാക്കുന്നതിന് യോഗം തത്വത്തിൽ അംഗീകാരം നൽകി. ഇതുസംബന്ധിച്ച് സർക്കാരിലേക്ക് എഴുതുന്നതിനും സർക്കാർ ഉത്തരവ് ലഭിക്കുന്നതനുസരിച്ച് ആവശ്യമായ തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala

MAHATMA GANDHI NREGA SOCIAL AUDIT SOCIETY
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

23. **ചെയർമാൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ**

**സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതു സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

യോഗം ഉച്ചക്ക് 12.30–ന് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള
Dr. N. RAMAKANTAN
DIRECTOR
Mahatma Gandhi NREGA
Social Audit Unit Kerala
MAHATMA GANDHI NREGA SOCIAL AUDIT SOCIETY KERALA
C.W.C. BUILDING
L.M.S., PALAYAM
TRIVANDRUM -33
(Govt. of Kerala)

**കെ.ബിജു ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
പൊതുമരാമത്ത് സെക്രട്ടറി & ടൂറിസം ഡിപ്പാർട്ട്മെന്റ്
OFFICE OF THE SECRETARY, PUBLIC WORKS DEPARTMENT
GOVT. SECRETARIAT
THIRUVANANTHAPURAM
BIJU. K IAS
PEN : 325228
Secretary to Government
Public Works Department
Govt. Secretariat
Thiruvananthapuram